# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :07.12.2020

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, സമർപ്പിച്ചിട്ടുള്ള 2017-18, 2018-19 വർഷങ്ങളിലെ വരവുചെലവു കണക്കുകൾ ട്രൂയിംഗ്അപ്പ് ചെയ്യുന്നതിനുള്ള പെറ്റീഷനുകളിന്മേലുള്ള പൊതുതെളിവെടുപ്പ് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം യഥാക്രമം 15.12.2020 (നം. 09/2020), 22.12.2020 (നം. 13/2020) തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ വിവിധ ഉപഭോക്തൃ സംഘടനകൾ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് നേരിട്ടുള്ള തെളിവെടുപ്പ് നടത്തണമെന്ന് അറിയിക്കുകയും പ്രസ്തുത അഭ്യർത്ഥനകൾ പരിഗണിച്ച് ടി പെറ്റീഷനുകളിന്മേലുള്ള തെളിവെടുപ്പ് നേരിട്ടു നടത്തുന്നതിന് കമ്മീഷൻ തീരുമാനിക്കുകയുണ്ടായി. അപ്രകാരം, 2017-18 കാലയളവിലേക്കുള്ള ട്രൂയിംഗ്അപ്പ് പെറ്റീഷന്മേലുള്ള പൊതു തെളിവെടുപ്പ് ഈ മാസം 22-ാം തീയതി (22.12.2020) കോൺഫറൻസ് ഹാൾ, പി.ഡബ്ള്യൂ.ഡി റെസ്റ്റ്ഹൗസ്, പത്തടിപ്പാലം, കളമശ്ശേരി, എറണാകുളത്തു വച്ച് ഉച്ചയ്ക്ക് 1 മണിക്ക് കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്നതായിരിക്കും. പ്രസ്തുത പൊതുതെളിവെടുപ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 21.12.2020 ഉച്ചയ്ക്ക് 12 മണിക്കു മുൻപായി കത്തു മുഖേനയോ ഇ-മെയിൽ മുഖാന്തിരം kserc@erckerala.org എന്ന വിലാസത്തിലോ ഫോൺ നമ്പർ സഹിതം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. 2018-19 കാലയളവിലേക്കുള്ള ട്രൂയിംഗ് അപ്പ് പെറ്റീഷന്മേലുള്ള പൊതുതെളിവെടുപ്പിന്റെ തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതായിരിക്കും.

സെക്രട്ടറി